# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1007 07.02.2013-ൽ മറുപടിയ്ക്ക്

## എസ്.സി.പി, ടി.എസ്.പി. പദ്ധതികൾക്കുള്ള കേന്ദ്രധനസഹായം

**ചോദ്യം** **ഉത്തരം**

ശ്രീ. വി. ശശി

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി--പിന്നോക്ക സമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രത്യേക ഘടകപദ്ധതി (എസ്.സി.പി) പട്ടികവർഗ്ഗ ഉപപദ്ധതി (റ്റി.എസ്.പി) എന്നിവയ്ക്ക് 2011-12-ൽ കേന്ദ്ര സർക്കാർ വിവിധ വകുപ്പുകളിലായി നീക്കിവച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | 2011-12-ൽ പ്രത്യേക ഘടകപദ്ധതി (എസ്.സി.പി) ക്കായി മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസ് & എംപവർമെന്റിൽ നിന്നും 1179.96 ലക്ഷം രൂപയും പട്ടികവർഗ്ഗ ഉപപദ്ധതി (റ്റി.എസ്.പി) ക്കായി മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സിൽ നിന്നും 3958.45 ലക്ഷം രൂപയും അനുവദിച്ച് കിട്ടിയിരുന്നു |
| (ബി) | ഇതിൽ നിന്നും സംസ്ഥാനസർക്കാരിന് കേന്ദ്രത്തിലെ വിവിധ വകുപ്പുകൾ വഴി ലഭിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ; | | |
| (സി) | സംസ്ഥാനങ്ങൾക്ക് പ്രസ്തുത തുക അനുവദിക്കുന്നതിന് കേന്ദ്ര സർക്കാർ സ്വീകരിച്ചുപോരുന്ന മാനദണ്ഡങ്ങളെന്താണെന്നും അതനുസരിച്ച് പരമാവധി തുക സംസ്ഥാനത്തിന് ലഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളെന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്തെ പട്ടികജാതി/ പട്ടികവർഗ ജനസംഖ്യ, സംസ്ഥാനത്തിന്റെ പിന്നോക്കാവസ്ഥ, വാർഷിക പദ്ധതിയിലുള്ള ഉപപദ്ധതിയുടെ വിഹിതം എന്നീ മാനദണ്ഡങ്ങൾ അനുസരിച്ചാണ് എസ്.സി.പി/ റ്റി.എസ്.പി തുക കേന്ദ്ര സർക്കാർ അനുവദിക്കുന്നത്. മുൻവർഷം അനുവദിച്ചുകിട്ടിയ തുകയുടെ വിനിയോഗ |

| | | | |
|---|---|---|---|
| | | | സാക്ഷ്യപത്രവും കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി പുതിയ പദ്ധതി നിർദ്ദേശങ്ങളും കേന്ദ്രസർക്കാരിന് സമർപ്പിച്ച് പരമാവധി തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കഴിഞ്ഞ 5 വർഷക്കാലം കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം ഈയിനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച തുകയും ചെലവഴിച്ച തുകയും പദ്ധതി തിരിച്ചുള്ള വാർഷിക കണക്ക് നൽകാമോ ? | (ഡി) | പ്രത്യേക ഘടകപദ്ധതി(എസ്.സി.പി) പട്ടികവർഗ ഉപപദ്ധതി (റ്റി.എസ്.പി) എന്നിവ പ്രകാരം ലഭിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിവരം ശേഖരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**